# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:6522 — 09.07.2014 ൽ മറുപടിക്ക്

## ട്രെയിനുകളിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി.വി രാജേഷ്: | | ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | ട്രെയിനുകളിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന്റെ ഭാഗമായി എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്: | (എ) | ട്രെയിൻ യാത്രക്കാരുടെ പ്രത്യേകിച്ച് സ്ത്രീയാത്രക്കാരുടെ സുരക്ഷ പൂർണ്ണമായി ഉറപ്പാക്കാനായി താഴെപ്പറയുന്ന പ്രധാന സംവിധാനങ്ങൾ റെയിൽവേ ഏർപ്പെടുത്തിയിട്ടുണ്ട്.<br>1. എല്ലാ ദിവസവും രാത്രിയോടുന്ന 53 ട്രെയിനുകളിൽ ആർ.പി.എഫ്. എക്സ്കോർട്ട് നല്കുന്നുണ്ട്.<br>2. സ്ത്രീയാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കാൻ വൈകിട്ട് 6 മണിക്കും രാവിലെ 6 മണിക്കുമിടയ്ക്ക് പാസഞ്ചർ ട്രെയിനുകളിലെ ലേഡീസ് കോച്ചുകളിലും ആർ.പി.എഫ് വിമൻ എസ്.ഐമാരേയും കോൺസ്റ്റബിൾമാരേയും നിയോഗിക്കുന്നുണ്ട്.<br>3. എസ്കോർട്ട് ഡ്യൂട്ടി ശക്തമാക്കാൻ എസ്.ഐ /എ.എസ്.ഐ റാങ്കിലുള്ള ഉദ്യോഗസ്ഥരെ നിയമിക്കുന്നുണ്ട്.<br>4. ട്രെയിനിന്റെ തുടക്കസ്റ്റേഷനിലും ഇടയ്ക്കുള്ള സ്റ്റേഷനുകളിലും അവസാന സ്റ്റേഷനിലും പ്ലാറ്റ് ഫോമുകളിൽ ഡ്യൂട്ടിയിലുള്ള ആർ,പി.എഫ്, ലേഡീസ് കോച്ചുകൾ നിരീക്ഷിക്കുന്നുണ്ട്.<br>5. യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കാൻ വൈകിട്ട് 6 മണിക്കും രാവിലെ 6 മണിക്കുമിടയ്ക്ക് പാസഞ്ചർ ട്രെയിനുകൾക്ക് ആർ.പി.എഫ് |

എസ്കോർട്ട് നൽകാറുണ്ട്.

6. ജി.ആർ.പി, ആർ.പി.എഫ് റെയിൽവേ കമ്മേഷ്യൽ എന്നിവർ ചേർന്ന് സ്ഥിരമായി combing operation നടത്തി ട്രെയിനുകളിലും റെയിൽവേ പരിസരങ്ങളിലും സുരക്ഷ ഉറപ്പാക്കുന്നുണ്ട്.

7. സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയാൻ ട്രെയിനുകളിൽ സ്ഥിരമായി പരിശോധനകൾ നടത്തി മദ്യപന്മാർക്കും മറ്റ് സാമൂഹ്യവിരുദ്ധർക്കുമെതിരെ റെയിൽവേ നിയമം വകുപ്പ് 145 (a) പ്രകാരം നടപടി സ്വീകരിക്കുന്നുണ്ട്.

8. യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കാൻ Operation Octopus എന്ന പ്രത്യേക സുരക്ഷാ പരിപാടി റെയിൽവേ ജി.ആർ.പിയുമായി ചേർന്ന് നടത്തി വരുന്നു.

9. ആർ.പി.എഫ് ഹെൽപ്പ് ലൈൻ 9995040000 റെയിൽ അലർട്ട് 9846200100 എന്നീ നമ്പരുകൾ 24 മണിക്കൂറും പ്രവർത്തിക്കുന്നു. ഈ നമ്പരുകൾ എല്ലാ ട്രെയിൻ കോച്ചുകളിലും വിശിഷ്യാ എല്ലാ ലേഡീസ് കോച്ചുകളിലും പ്രദർശിപ്പിച്ചിട്ടുണ്ട്.

10 യാത്രക്കാർക്ക് സുരക്ഷയെ കുറിച്ചുള്ള ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു വരുന്നു.

കൂടാതെ സ്ത്രീ യാത്രക്കാരുടെ സുരക്ഷയ്ക്കായി സംസ്ഥാന പോലീസ് വകുപ്പ് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കേരള റെയിൽവേ പോലീസിലെ എല്ലാ ഉദ്യോഗസ്ഥൻമാർക്കും കേരളത്തിൽ സർവ്വീസ് നടത്തുന്ന ട്രെയിനുകളിൽ

| | | | |
|---|---|---|---|
| | | | ഫലപ്രദവും കാര്യക്ഷമവുമായ രീതിയിൽ മൊബൈൽ ബീറ്റ് ഡ്യൂട്ടികൾ നടത്താൻ കർശന നിർദ്ദേശവും സ്ത്രീകളുടെ കമ്പാർട്ട്മെന്റുകളിൽ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. സാമൂഹ്യവിരുദ്ധർ, കുറ്റവാളികൾ, മുൻപ് കോടതി ശിക്ഷിച്ചവർ, അതിക്രമിച്ചു കയറുന്നവർ എന്നിവർക്കെതിരെ നിതാന്ത ജാഗ്രത പാലിക്കുവാൻ എല്ലാ റെയിൽവേ പോലീസ് സ്റ്റേഷനുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.<br>സ്ത്രീകൾ ഉൾപ്പെടെയുള്ള യാത്രക്കാരുടെ സുരക്ഷയ്ക്കായി വനിതാ സിവിൽ പോലീസ് ഓഫീസർമാരെ റെയിൽവെ പോലീസിന്റെ കീഴിൽ വിന്യസിച്ചിട്ടുണ്ട്. ഈ ഉദ്യോഗസ്ഥരെ ട്രെയിനുകളിലെ വനിതാ കമ്പാർട്ടുമെന്റ് ഉൾപ്പെടെ ഉള്ളവയിൽ സുരക്ഷയ്ക്കായി നിയോഗിച്ച് അയക്കുന്നുണ്ട്. കമ്പാർട്ട്മെന്റുകൾ കേന്ദ്രീകരിച്ച് കർശന പോലീസ് പട്രോളിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പാസഞ്ചർ ട്രെയിനുകളിൽ സർക്കിൾ അടിസ്ഥാനത്തിൽ വനിതാ പോലീസ് ഉദ്യോഗസ്ഥരെ ഡ്യൂട്ടിക്ക് നിയോഗിച്ചു വരുന്നുണ്ട്. സ്റ്റേഷനുകളിൽ ട്രെയിനുകൾ നിർത്തുമ്പോൾ പ്ലാറ്റ്ഫോമിലും ട്രെയിനിലും ഡ്യൂട്ടിയിലുള്ള മറ്റ് പോലീസുകാരും വനിതാ കമ്പാർട്ടുമെന്റിനു സമീപം വന്ന് പരിശോധന നടത്തുകയും ചെയ്യുന്നു. അത്യാവശ്യ ഘട്ടങ്ങളിൽ സുരക്ഷയ്ക്കായി പോലീസ് സഹായം ആവശ്യപ്പെടുവാനുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളും ഊർജ്ജിതമായി നടത്തുന്നുണ്ട്. ഇതിനു പുറമേ റെയിൽവെ സ്റ്റേഷന് പുറമേയുള്ള പരിസരങ്ങളിൽ പട്രോളിംഗ് നടത്തിയും പോലീസ് |

| | | | |
|---|---|---|---|
| | | | എയ്ഡ് പോസ്റ്റുകൾ വഴിയും സ്ത്രീ യാത്രക്കാരുടെ സുരക്ഷ ഉറപ്പു വരുത്തുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ട്രെയിൻ യാത്രികരുടെ സുരക്ഷക്കുവേണ്ടി കേരള റെയിൽവേ പോലീസിലെ പോലീസുകാരെ നിയോഗിച്ചിട്ടുണ്ട്. ഇതു കൂടാതെ ലോക്കൽ പോലീസിൽ നിന്നും വനിതാ പോലീസുകാരെ വർക്കിംഗ് അറേൻജ്മെന്റ് അടിസ്ഥാനത്തിലും നിയോഗിച്ചിട്ടുണ്ട്. ട്രെയിൻ യാത്രക്കാർക്കെതിരായ അതിക്രമങ്ങൾ വർദ്ധിച്ചു വരുന്നത് കണക്കിലെടുത്ത് മറ്റ് യൂണിറ്റുകളിൽ നിന്നും ലോക്കൽ പോലീസുകാരുടെ സേവനം കൂടി ഇപ്പോൾ ചാക്രികാടിസ്ഥാനത്തിൽ ട്രെയിനുകളിൽ ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | ട്രെയിനുകളിൽ സത്രീകൾക്കുള്ള കോച്ച് മദ്ധ്യഭാഗത്താക്കുന്നത് സബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ? | (ബി) | കേരളത്തിലോടുന്ന എല്ലാ പാസഞ്ചർ ട്രെയിനുകളിലും ലേഡീസ് കോച്ചുകൾ ഇപ്പോൾ മദ്ധ്യഭാഗത്തായാണ് ഏർപ്പെടുത്തിയിരിക്കുന്നത്. എക്സ്പ്രസ് ട്രെയിനുകളിൽ കോച്ചുകൾ തമ്മിൽ ബന്ധിപ്പിക്കുന്ന വെസ്റ്റിബ്യൂൾ ഉള്ളത് കാരണം ലേഡീസ് കോച്ച് ട്രെയിനിന്റെ മദ്ധ്യഭാഗത്ത് ഏർപ്പെടുത്തുന്നതിന് സാങ്കേതിക ബുദ്ധിമുട്ടുകൾ ഉണ്ടെന്നും ആയവ പരിശോധിച്ച് വരികയാണെന്നും റെയിൽവേയിൽ നിന്നും അറിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ